"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) - മൂന്നാം ഘട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇൻ സർവ്വീസ് പരിശീലനം - കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പരിശീലനം ഓൺലൈനായി സംഘടിപ്പിച്ചതിന് സാധൂകരണവും ഓൺലൈൻ രീതിയിൽ പരീക്ഷ നടത്തുന്നതിന് കില ഡയറക്ടർ ജനറലിന് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(കൈ) നം.161/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/10/2020

---

പരാമർശം:- 1 കില ഡയറക്ടർ ജനറലിന്റെ 03.09.2020-ലെ 2019/101/2666/സി.എച്ച്.ആർ.ഡി. നമ്പർ കത്ത്.

2 ഗ്രാമവികസന കമ്മീഷണറുടെ 14.09.2020-ലെ 12701/എച്ച്. & റ്റി.3/19/സി.ആർ.ഡി. നമ്പർ കത്ത്.

<u>ഉത്തരവ്</u>

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇൻസർവീസ് പരിശീലനത്തിന്റെ ഒന്നും രണ്ടും ഘട്ടം പരിശീലനം കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നീ സെന്ററുകളിൽ അവസാനിക്കുകയും കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മൂന്നാം ഘട്ട പരിശീലനം ഓൺലൈൻ രീതിയിൽ നടത്തുന്നതിന് പരീക്ഷാ ബോർഡ് യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 17.08.2020 മുതൽ പരിശീലനം ആരംഭിക്കുകയും ചെയ്തതായി പരാമർശം (1) പ്രകാരം കില ഡയറക്ടർ ജനറൽ അറിയിച്ചിരുന്നു. കോവിഡ്-19 വ്യാപനത്തിന്റെ സാഹചര്യത്തിൽ സാമ്പ്രദായിക പരീക്ഷാനടത്തിപ്പ് അപ്രായോഗികമായതിനാൽ പരിശീലനത്തെ തുടർന്ന് പരീക്ഷയും ഓൺലൈനായി നടത്തുവാനുള്ള അനുമതി ലഭ്യമാക്കണമെന്ന് സെന്റർ പ്രിൻസിപ്പൽമാർ ആവശ്യപ്പെട്ട സാഹചര്യത്തിൽ വി.ഇ.ഒ. ഇൻസർവീസ് പരിശീലനത്തിന്റെ മൂന്നാം ഘട്ടം ഓൺലൈൻ രീതിയിൽ സംഘടിപ്പിച്ചതിന് സാധൂകരണവും ഓൺലൈൻ രീതിയിൽ പരീക്ഷ നടത്തുന്നതിന് അനുമതിയും നൽകണമെന്നും കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു. ആയതിനു അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണറും അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇൻസർവീസ് പരിശീലനത്തിന്റെ മൂന്നാം ഘട്ട പരിശീലനം ഓൺലൈനായി സംഘടിപ്പിച്ച കില ഡയറക്ടർ ജനറലിന്റെ നടപടിക്ക് സാധൂകരണവും ഓൺലൈൻ രീതിയിൽ പരീക്ഷ നടത്തുന്നതിന് കില ഡയറക്ടർ ജനറലിന് അനുമതിയും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി .കെ. പ്രതാപൻ**
**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ./ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.